കേരള സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ
ചാരങ്കാട്ട ഭവൻ, നമ്പർ 34/895,
മാമംഗലം - അഞ്ചുമന റോഡ്,
ഇടപ്പള്ളി, കൊച്ചി - 6820204
ഫോൺ: 0484-2346488, www.keralaeo.org
ഈമെയിൽ: ombudsman.electricity@gmail.com

---

| | | |
|---|---|---|
| അപ്പീൽ പരാതി | : | P/026/2016 |
| സാന്നിദ്ധ്യം | : | വി.വി. സത്യരാജൻ |
| തീയ്യതി | : | 20-07-2016 |

| | | |
|---|---|---|
| അപ്പീൽ പരാതിക്കാരൻ | : | ശ്രീ ജോൺസൺ ജോർജ്,<br>നസ്രത്ത് ഹൌസ്,<br>തിരുവഴിമുക്ക്,<br>പുനലൂർ. |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കെ.എസ്.ഇ.ബി.,<br>പുനലൂർ. |

**പരാതിയുടെ പശ്ചാത്തലം**

അപ്പീൽ പരാതിക്കാരനായ ശ്രീ ജോൺസൺ ജോർജ് കരുവാളൂർ ഇലക്ട്രിക്കൽ സെക്ഷനിലെ 6992 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള വൈദ്യുതി ഉപഭോക്താവാണ്. അപ്പീൽ പരാതിക്കാരന്റെ വീടിന്റെ മുറ്റത്ത് അനധികൃതമായും നിയമവിരുദ്ധമായും സ്ഥാപിച്ചിട്ടുള്ള TVMK-133 നമ്പർ ഇലക്ട്രിക് പോസ്റ്റ് തൽസ്ഥാനത്തു നിന്ന് മാറ്റി റോഡരികിൽ സ്ഥാപിക്കുവാൻ വേണ്ടിയാണ് പരാതി നൽകിയത്. ഇതേ ആവശ്യത്തിലേക്കായി പരാതിക്കാരൻ കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറം, കൊട്ടാരക്കര മുമ്പാകെ അപ്പീൽ നൽകുകയും ടി അപ്പീലിൽ OP-1657/2015 ആയി നൽകിയ ഉത്തരവിൽ സാങ്കേതിക വശങ്ങൾ പരിശോധിച്ച് പോസ്റ്റും ലൈനും മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രവർത്തിചെലവ് പരാതിക്കാരനിൽ നിന്ന് ഈടാക്കിയതിനു ശേഷം പ്രസ്തുത ജോലികൾ ചെയ്തു തീർക്കുന്നതിന് തീർപ്പ് കൽപ്പിട്ടുള്ളതാണ്. എന്നാൽ അപ്പീൽ പരാതിക്കാരന്റെ ചെലവിൽ പോസ്റ്റ് മാറ്റിസ്ഥാപിക്കണം എന്നുള്ള CGRF ന്റെ ഉത്തരവിനു എതിരായിട്ടാണ് ഇപ്പോൾ അപ്പീൽ പരാതി നൽകിയിട്ടുള്ളത്.

**പരാതിക്കാരന്റെ വാദങ്ങൾ**

കൺസ്യൂമർ നമ്പർ 6992 ആയി നൽകിയ സർവ്വീസ് കണക്ഷൻ ഉപഭോക്താവായ ശ്രീ ഉദയകുമാറിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. TVMK-133 നമ്പർ ഇലക്ട്രിക് പോസ്റ്റ് റോഡരികിൽ സ്ഥാപിച്ചാണ് പ്രസ്തുത കണക്ഷൻ നൽകിയിരുന്നത്. ടി പോസ്റ്റിൽ നിന്നും ടിയാന്റെ അയൽവാസികളായ സരോജിനിയമ്മ (കൺസ്യൂമർ നമ്പർ 6990, 6989) ഭാർഗ്ഗവി അമ്മ (കൺസ്യൂമർ നമ്പർ 6991) എന്നിവർക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ അയൽവാസികളുടെ സ്വാധീനത്താൽ KSEB

ജീവനക്കാർ റോഡരികിൽ കിടന്ന ഇലക്ട്രിക് പോസ്റ്റ് അപ്പീൽ പരാതിക്കാരന്റെ വീട്ടിൽ ആരും ഇല്ലാതിരുന്ന സമയത്ത് വീടിന്റെ മുറ്റത്ത് കുഴിച്ചിട്ട വീടിന്റെ ടെറസിൽ നിന്നും അരമീറ്റർ അകലത്തിൽ ഇലക്ട്രിക് ലൈൻ വലിച്ചു കൊണ്ടു പോയിട്ടുള്ളതാണ്. KSEB യുടെ മേൽപ്രവൃത്തി കാരണം അപ്പീൽ പരാതിക്കാരനും കുടുംബവും മരണഭയത്താൽ കഴിഞ്ഞു വരുന്നതും വീടിന്റെ മുകളിൽ കയറുന്നതിനു സാധിക്കാനാകാത്ത അവസ്ഥയിലുമാണ്. എതിർ കക്ഷികളുടെ വീട്ടിലേക്ക് വാഹനം പോകുന്ന റോഡ് നിലവിൽ ഉള്ളപ്പോഴാണ് അപ്പീൽ പരാതിക്കാരന്റെ വസ്തുവിൽക്കൂടി അനുവാദം ഇല്ലാതെ ലൈൻ വലിച്ചത്. പോസ്റ്റ് മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർ, പുനലൂർ ഇലക്ട്രിക്കൽ ഓഫീസിൽ നൽകിയ പരാതിയിന്മേൽ 6766 രൂപ അടക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. 16-12-2015 ൽ ഉപഭോക്ത സങ്കട പരിഹാര ഫോറം, കൊട്ടാരക്കര മുമ്പാകെ നൽകിയ പരാതിയിന്മേൽ നടത്തിയ ഹിയറിംഗിൽ ഹാജരാകാൻ സാധിക്കാതിരുന്നതിനു കാരണം അറിയിച്ചിട്ടും മറ്റൊരു അവസരം നൽകാതെ ഉത്തരവ് പുറപ്പെടുവിക്കുകയാണ് ഉണ്ടായത്.

അപ്പീൽ പരാതിക്കാരന്റെ ഭാഗം കേൾക്കാതെയാണ് CGRF ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് 6766 രൂപ അടക്കണമെന്നുള്ള ഉത്തരവ് നീതിക്ക് നിരക്കാത്തതാണ്. മറ്റാരുടെയോ വീട്ടിലേക്ക് ലൈൻ പോകുന്ന പോസ്റ്റ് അനുവാദം ഇല്ലാതെ അപ്പീൽ പരാതിക്കാരന്റെ വീടിന്റെ മുറ്റത്ത് അനധികൃതമായി സ്ഥാപിച്ചത് മാറ്റിസ്ഥാപിക്കുന്നതിനു അപ്പീൽ പരാതിക്കാരൻ പണം അടക്കണമെന്നുള്ള ഉത്തരവ് നിയമവിരുദ്ധവും പ്രതിഷേധാർഹവും ആണ്. ആയതിനാൽ വീടിന്റെ മുറ്റത്ത് അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് പോസ്റ്റ് KSEB യുടെയോ എതിർ കക്ഷികളുടെയോ ചെലവിൽ റോഡരികിൽ സ്ഥാപിച്ച് അപകടാവസ്ഥ ഒഴിവാക്കണമെന്നാണ് അപ്പീൽ പരാതിക്കാരന്റെ പരാതിയിലെ ആവശ്യം.

**എതിർകക്ഷിയുടെ വാദങ്ങൾ**

അപ്പീൽ പരാതിക്കാരൻ സൂചിപ്പിച്ചിരിക്കുന്ന TVMK-133 നമ്പർ ഇലക്ട്രിക് പോസ്റ്റ് ശ്രീ ഉദയകുമാർ, അനു ഭവൻ, കരവാളൂർ എന്ന പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കൺസ്യൂമർ നമ്പർ 6992 ന് സർവ്വീസ് കണക്ഷൻ നൽകുന്നതിനു വേണ്ടി സ്ഥാപിച്ചിട്ടുള്ളതാണ്. പ്രസ്തുത കൺസ്യൂമർ നമ്പർ 1988 ൽ പുനലൂർ സെക്ഷനിൽ കൺസ്യൂമർ നമ്പർ 16980 ആയി രജിസ്റ്റർ ചെയ്യപ്പെട്ടതും പിന്നീട് കരുവാളൂർ സെക്ഷൻ രൂപീകൃതമായപ്പോൾ മേൽപ്പടി സെക്ഷനിൽ 6992 ആയി മൈഗ്രേറ്റ് ചെയ്യപ്പെട്ടതുമാണ്. പരാതിക്കാരനായ ശ്രീ ജോൺസൺ ജോർജിന്റെ പേരിലേക്ക് കൺസ്യൂമർ നമ്പർ 6992 ന്റെ ഉടമസ്ഥാവകാശം മാറ്റിയിട്ടില്ലാത്തതുമാണ്.

പരാതിയിൽ സൂചിപ്പിച്ചിരിക്കുന്ന TVMK-133 പോസ്റ്റിൽ നിന്നും കൺസ്യൂമർ നമ്പർ 6990 (ശ്രീമതി സരോജിനിയമ്മ, മാമ്പഴത്ത് തിരുവഴി, കരുവാളൂർ) 6989 (ശ്രീമതി സരോജിനിയമ്മ, മംഗലത്ത് പുത്തൻ വീട്, തിരുവഴിമുക്ക്) 6991 (ശ്രീമതി ഭാർഗ്ഗവി അമ്മ, മംഗലത്ത് പുത്തൻ വീട്, മാത്ര) എന്നീ ഗാർഹിക ഉപഭോക്താക്കൾക്ക് ഓവർഹെഡ് ലൈൻ വലിച്ചു കണക്ഷൻ നല്കിയിട്ടുള്ളതുമാണ്. നിലവിലുള്ള രേഖകൾ പ്രകാരം 16-09-2015 ൽ പ്രകൃതി ക്ഷോഭത്തിൽ ഒരു തവണ പ്രസ്തുത പോസ്റ്റ് ഒടിയുകയുണ്ടായി. ടി പോസ്റ്റ് പുനസ്ഥാപിക്കുവാൻ കരവാളൂർ ഇലക്ട്രിക്കൽ സെക്ഷൻ ജീവനക്കാർ 17-09-2015 ൽ സ്ഥലത്ത് ചെന്ന സമയം അപ്പീൽ പരാതിക്കാരൻ തടയുകയും ജോലി തടസ്സപ്പെടുത്തുകയും ചെയ്തു. തന്മൂലം മൂന്നു വീടുകൾക്കുള്ള വൈദ്യുതി ബന്ധം പോലീസ് സംരക്ഷണത്തിലാണ് പുനസ്ഥാപിക്കുവാൻ കഴിഞ്ഞത്. അപ്പീൽ പരാതിക്കാരൻ പരാതിയിൽ ഉന്നയിച്ചിരിക്കുന്നത് പോലെ നിയമവിരുദ്ധമായല്ല പോസ്റ്റ് സ്ഥാപിച്ചിരിക്കുന്നതെന്നും ഇത് നിലനിന്നിരുന്ന സ്ഥലത്ത് തന്നെയാണ് പുനസ്ഥാപിച്ചിട്ടുള്ളത് എന്നും ബോദ്ധ്യപ്പെടുത്തുന്നു.

അപ്പീൽ പരാതിക്കാരൻ പുരയിടത്തിന്റെ മദ്ധ്യഭാഗത്ത് കൂടി കടന്നു പോകുന്ന ലൈൻ മാറ്റി സ്ഥാപിക്കണമെന്ന് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ വർക്ക് ഡിപ്പോസിറ്റ് പ്രകാരം ഉള്ള തുക അടക്കാനുള്ള എസ്റ്റിമേറ്റ് നൽകുകയുണ്ടായി. കൺസ്യൂമർ നമ്പർ 6992 ന്റെ നിലവിൽ ഉടമസ്ഥാവകാശം ഉള്ള ശ്രീ ഉദയകുമാർ ലൈൻ ഷിഫ്റ്റിങ്ങുമായി ബന്ധപ്പെട്ട സ്ഥലത്തെ സംബന്ധിച്ചുള്ള തർക്കം പുനലൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നിലനിൽക്കുകയാണെന്ന് അറിയിക്കുകയും ഒരു പരാതിയും അനുബന്ധരേഖകളും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അപ്പീൽ പരാതിക്കാരന്റെ അയൽവാസിയും TVMK-133 പോസ്റ്റിൽ നിന്നും കണക്ഷൻ നൽകിയിട്ടുള്ള കൺസ്യൂമർ നമ്പർ 6990 ലെ ഉപഭോക്താവുമായ ശ്രീമതി ഉദയകുമാരിയും ലൈൻ ഷിഫ്റ്റ് ചെയ്യുന്നതിനെ എതിർത്തും വസ്തു തർക്കത്തെ സംബന്ധിച്ചും പരാതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഹൈക്കോടതിയിലെ WP (C) No. 30354/2015T ആയ കേസിന്റെ ജഡ്ജ്മെന്റ് പകർപ്പും ഹാജരാക്കിയിട്ടുണ്ട്.

**<u>വിശകലനവും കണ്ടെത്തലുകളും</u>**

22/06/2016-ൽ കൊട്ടാരക്കര CGRF ന്റെ കോർട്ട് ഹാളിൽ നടത്തിയ ഹിയറിംഗിൽ അപ്പീൽ പരാതിക്കാരനും എതിർകക്ഷിയും പങ്കെടുത്തു. അപ്പീൽ പരാതിക്കാരനായ ശ്രീ ജോൺസൺ ജോർജും എതിർകക്ഷിയായ ലൈസൻസിയെ പ്രതിനിധീകരിച്ച് കരവാളൂർ ഇലക്ട്രിക്കൽ സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ അനീഷ്. കെ. യും നേരിട്ട് ഹാജരായി തങ്ങളുടെ വാദഗതികൾ ഉന്നയിച്ചു. കേസിന് ആസ്പദമായ എല്ലാ വസ്തുതകളും സാഹചര്യങ്ങളും അപ്പീൽ പരാതിയുടെയും അപ്പീൽ പരാതിക്കാരൻ ഉന്നയിച്ച വാദങ്ങളും എതിർ കക്ഷിയുടെ എതിർവാദങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിഗമനങ്ങളിലും തീരുമാനങ്ങളിലും എത്തിച്ചേർന്നിരിക്കുന്നു.

പരാതിയിൽ പറയുന്ന TVMK-133 നമ്പർ പോസ്റ്റ് അപ്പീൽ പരാതിക്കാരന്റെ അനുമതിയില്ലാതെ ടിയാന്റെ വസ്തുവിൽ സ്ഥപിച്ച് മറ്റുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി ലഭ്യമാക്കിയത് അന്യായമാണെന്നതാണ് അപ്പീൽ പരാതിക്കാരന്റെ വാദം. പ്രസ്തുത പോസ്റ്റ് റോഡരികിൽ നിന്നിരുന്നതാണെന്നും അത് തേക്ക് തടിയിൽ ആയിരുന്നെന്നും മാറ്റി സ്ഥാപിച്ചപ്പോൾ അത് കോൺക്രീറ്റ് പോസ്റ്റ് ആക്കുകയും ചെയ്തു. അനുവാദം ഇല്ലാതെ അപ്പീൽ പരാതിക്കാരന്റെ വസ്തുവിൽ സ്ഥാപിച്ചതെന്നും ആണ് ആക്ഷേപം.

അപ്പീൽ പരാതിക്കാരന്റെ വീടിന്റെ ടെറസ്സിൽ നിന്നും അരമീറ്റർ അകലത്തിൽ അപകടകരമായ സാഹചര്യത്തിലാണ് പ്രസ്തുത പോസ്റ്റിൽ നിന്നും വലിച്ചിട്ടുള്ള ഇലക്ട്രിക് ലൈൻ കടന്നുപോകുന്നതെന്നും തന്മൂലം ഉണ്ടാകാൻ സാധ്യതയുള്ള അപകടം ഒഴിവാക്കുവാനും അപ്പീൽ പരാതിയിൽ ആവശ്യപ്പെടുന്നു. ടിയാന്റെ വസ്തുവിൽ പോസ്റ്റ് സ്ഥാപിക്കുന്നതിന് അപ്പീൽ പരാതിക്കാരനോ സ്ഥലത്തിന്റെ മുൻ ഉടമയോ സമ്മതം നൽകിയിട്ടില്ലെന്നും വ്യക്തമാക്കുന്നുണ്ട്. കൂടാതെ ലൈൻ ഷിഫ്റ്റിങ്ങുമായി ബന്ധപ്പെട്ട് ഒരു തർക്കവും ഒരു കോടതിയിലും നിലനിൽക്കുന്നില്ലെന്നും അപ്പീൽ പരാതിക്കാരൻ വാദിക്കുന്നു. അപ്പീൽ പരാതിക്കാരന്റെ ചെലവിൽ പോസ്റ്റും ലൈനും മാറ്റി സ്ഥാപിക്കുവാൻ നൽകിയ CGRF ഉത്തരവ് റദ്ദ് ആക്കണമെന്നും പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ ചെലവ് ടി പോസ്റ്റിൽ നിന്നും കണക്ഷൻ നൽകിയിട്ടുള്ള ഉപഭോക്താക്കളുടെയോ KSEB യുടെയോ പക്കൽ നിന്നും വസൂലാക്കണമെന്നാണ് പരാതിക്കന്റെ അപേക്ഷ.

എതിർകക്ഷിയായ KSEB പുനലൂർ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തന്റെ എതിർ സത്യവാങ്മൂലത്തിൽ ലൈൻ ഷിഫ്റ്റിങ്ങുമായി ബന്ധപ്പെട്ട സ്ഥലത്തെ സംബന്ധിച്ചുള്ള തർക്കം പുനലൂർ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ നിലനിൽക്കുകയാണെന്ന് ശ്രീ ഉദയകുമാർ ഒരു പരാതി

നൽകിയിട്ടുണ്ടെന്നും കൂടാതെ അപ്പീൽ പരാതിക്കാരന്റെ അയൽവാസിയും TVMK-133 ൽ നിന്നും കണക്ഷൻ നൽകിയിട്ടുള്ള കൺസ്യൂമർ നമ്പർ 6990 ലെ ഉപഭോക്താവായ ശ്രീമതി ഉദയകുമാരിയും ലൈൻ ഷിഫ്റ്റ് ചെയ്യുന്നതിനെ എതിർത്തും വസ്തു തർക്കത്തെ സംബന്ധിച്ചും പരാതി നൽകിയിട്ടുണ്ടെന്നും ഹൈക്കോടതിയിലെ WP(C) No. 30354/2015 നമ്പർ കേസിന്റെ ജഡ്ജ്മെന്റ് പകർപ്പും ഹാജരാക്കിയിട്ടുണ്ടെന്നും അറിയിച്ചു.

ഇരു കക്ഷികളും ഹാജരാക്കിയ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും ഹൈക്കോടതിയിലോ മജിസ്ട്രേറ്റ് കോടതിയിലോ നിലനിൽക്കുന്നു എന്നു പറയുന്ന കേസുകൾ ഒന്നും തന്നെ പരാതിക്കാരന്റെ ലൈൻ ഷിഫ്റ്റിങ്ങുമായോ, വസ്തു തർക്കവുമായോ ബന്ധപ്പെട്ട വിഷയമല്ലെന്നു കണ്ടെത്തുകയുണ്ടായി. വസ്തു തർക്കവുമായി ബന്ധപ്പെട്ട കേസിനെ സംബന്ധിച്ച യാതൊരു രേഖകളും എതിർകക്ഷിക്ക് ഹാജരാക്കാൻ സാധിച്ചില്ല. അപ്പീൽ പരാതിക്കാരൻ സൂചിപ്പിച്ച പോസ്റ്റ് നമ്പർ TVMK-133 നിലനിൽക്കുന്നത് സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ് എന്നത് എതിർകക്ഷി സമ്മതിക്കുന്നുണ്ട്. അപ്പീൽ പരാതിക്കാരന്റെയോ അല്ലെങ്കിൽ മറ്റൊരു പരാതിക്കാരനായ ഉദയകുമാറിന്റെയോ സ്ഥലത്താണ് പോസ്റ്റ് നിൽക്കുന്നത് എന്നതല്ല മറിച്ച് പ്രസ്തുത പോസ്റ്റിൽ നിന്നും അപകടകരമായ രീതിയിൽ ലൈൻ വലിച്ചതുകൊണ്ട് അപ്പീൽ പരാതിക്കാരന് ജീവഭയം ഉണ്ടെന്നുള്ള വസ്തുത എതിർകക്ഷി ഗൗരവമായി കണക്കിലെടുക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.. യഥാസ്ഥാനത്തു തന്നെയാണ് പോസ്റ്റ്മാറ്റി സ്ഥാപിച്ചതെന്ന എതിർകക്ഷിയുടെ വാദം സ്ഥാപിച്ചെടുക്കുന്നതിനു ടിയാൻ യാതൊരു വിധ രേഖകളും ഹാജരാക്കിയിട്ടില്ല. അതിനാൽ ഈ വാദഗതി അംഗീകരിക്കാൻ കഴിയുന്നതല്ല. പരാതിക്കാരന്റെ മൊഴിയിൽ നിന്നും ഹാജരാക്കിയ പ്രമാണങ്ങളിൽ നിന്നും എതിർകക്ഷി തർക്കസ്ഥലം സന്ദർശിച്ച് നിജസ്ഥിതി പരിശോധിച്ചതായി കാണുന്നില്ല. ആയതിനാൽ ഈ തർക്കവിഷയത്തിൽ എതിർകക്ഷി ഉന്നയിച്ച പ്രസ്താവനകൾ ഒന്നും തന്നെ പരിഗണിക്കുവാൻ കഴിയുന്നതുമല്ല. ഇപ്പോൾ പോസ്റ്റ് നിൽക്കുന്ന സ്ഥലം അപ്പീൽ പരാതിക്കാരന്റെ കൈവശാവകാശത്തിൽ പെട്ടതാണെന്നും ടിയാൻ പോക്കുവരവു നടത്തി കരം അടച്ചു കൈവശം വെച്ച് ഉപയോഗിച്ച് കൊണ്ടിരിക്കുകയാണെന്നുമുള്ള വാദഗതി ടിയാൻ രേഖകൾ സഹിതം സമർപ്പിച്ചതിനാൽ അവ തള്ളിക്കളയാൻ കഴിയുകയുമില്ല.

പോസ്റ്റും ലൈനും അപ്പീൽ പരാതിക്കാരന്റെ ചെലവിൽ റോഡരികിൽ മാറ്റി സ്ഥാപിക്കുവാൻ CGRF ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 6766/- രൂപ അടക്കുവാൻ KSEB ഉത്തരവായിട്ടുണ്ട്. എന്നാൽ അപ്പീൽ പരാതിക്കാരന്റെ ആവശ്യം ടിയാന്റെ സമ്മതമില്ലാതെ സ്വകാര്യവസ്തുവിൽ മറ്റു ഉപഭോക്താക്കൾക്ക് വേണ്ടി സ്ഥാപിച്ച പോസ്റ്റ്, ടി ഉപഭോക്താകളുടെ ചെലവിലോ KSEB യുടെ ചെലവിലോ മാറ്റി സ്ഥാപിച്ച് നീതി നടപ്പാക്കണമെന്നാണ്. 2014 കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിലെ റെഗുലേഷൻ 95(4) പ്രകാരം പോസ്റ്റും ലൈൻ ഷിഫ്റ്റിങ്ങിനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ KSEB ക്ക് ഉത്തരവാദിത്വമുണ്ട്. റെഗുലേഷൻ 95(4)(C) യിൽ അപേക്ഷകൻ ഷിഫ്റ്റിങ്ങിന്റെ പ്രവൃത്തി ചെലവ് അടക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പക്ഷെ ഈ കേസിൽ ഒരു സ്വകാര്യ വ്യക്തിയുടെ വസ്തുവിൽ മറ്റു ഉപഭോക്താക്കൾക്ക് വേണ്ടി സ്ഥാപിച്ച പോസ്റ്റും ലൈനും ടി വ്യക്തിയുടെയും കുടുംബത്തിന്റെയും ജീവന് അപകടമായി നിലനിൽക്കുന്ന വസ്തുത കണക്കിലെടുക്കുമ്പോൾ, സപ്ലൈ കോഡ് റെഗുലേഷൻ 95(4)(C), ഇക്കാര്യത്തിൽ നടപ്പാക്കുന്നത് സാമാന്യനീതിക്ക് നിരക്കുന്നതല്ല. സ്ഥലം ഉടമസ്ഥന്റെ അനുമതി ഇല്ലാതെ സ്ഥാപിച്ച പോസ്റ്റും പരാതിക്കാരന്റെ വീടിനോട് ചേർന്ന് പ്രസ്തുത പോസ്റ്റിൽ നിന്നും ലൈൻ വലിച്ചു മറ്റു ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകിയ എതിർകക്ഷിയുടെ നടപടി നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധവുമാണ്. ഇക്കാരണത്താൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് വഹിക്കുവാൻ അപ്പീൽ പരാതിക്കാരൻ ബാദ്ധ്യസ്ഥനല്ല. പ്രസ്തുത പോസ്റ്റും ലൈനും എതിർകക്ഷിയുടെ ഉത്തരവാദിത്വത്തിൽ മാറ്റി സ്ഥാപിക്കേണ്ടതാണ്.

**തീരുമാനം**

സ്ഥലം ഉടമസ്ഥന്റെ അനുമതി ഇല്ലാതെ സ്ഥാപിച്ച പോസ്റ്റും ഇപ്പോൾ പരാതിക്കാരന്റെ വീടിനോട് ചേർന്ന് അപകടകരമായി വലിച്ച ലൈനും ഈ ഉത്തരവ് ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ എതിർകക്ഷിയുടെ ഉത്തരവാദിത്വത്തിൽ മാറ്റി സ്ഥാപിക്കേണ്ടതാണ്. അപ്പീൽ പരാതിക്കാരന് ഈ വിഷയത്തിൽ യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല. ഇതിന് വരുന്ന ചെലവ് ഏതു വിധേന ഈടാക്കണം എന്ന തീരുമാനം എതിർകക്ഷിക്ക് എടുക്കാവുന്നതാണ്.

അപ്പീൽ പരാതിക്കാരന്റെ ചെലവിൽ പോസ്റ്റ് മാറ്റിസ്ഥാപിക്കണം എന്നുള്ള CGRF ന്റെ വിധിഭാഗം റദ്ദ് ചെയ്ത് മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. മറ്റു ചെലവുകൾ അനുവദനീയമല്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/026/2016/_________/Dated:____________

Forwarded to:

1. ശ്രീ ജോൺസൺ ജോർജ്, നസ്രത്ത് ഹൌസ്, തിരുവഴിമുക്ക്, പുനലൂർ.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ്.ഇ.ബി.,പുനലൂർ.

Copy to:

1. സെക്രട്ടറി , കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി. ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം - 10
2. സെക്രട്ടറി , കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം
3. ചെയർപെഴ്സൻ, കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറം, വൈദ്യുതി ഭവനം, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കൊട്ടാരക്കര